**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1834** **05-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022 -23 വർഷത്തെ ബജറ്റിൽ അനുവദിച്ച ഒരു കോടി രൂപ ചെലവഴിച്ച് മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മഞ്ചേരിയിൽ ബസ് ഡിപ്പോ നിർമ്മിക്കുവാൻ സ്വന്തമായി സ്ഥലമില്ലാത്തതിനാൽ KSRTC ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണ്. |
| (ബി) | മുനിസിപ്പാലിറ്റിയുടെ കീഴിലെ മഞ്ചേരി ഐ.ജി.ബി.റ്റി. സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | 21.12.2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി ബസ് സ്റ്റാൻഡിൽ കുടി നാമമാത്രമായ ബസ്സുകൾ കയറി ഇറങ്ങി പോകുന്ന സാഹചര്യത്തിലും മഞ്ചേരിയിൽ നിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിയാത്ത അവസ്ഥയിലും മലപ്പുറം, പെരിന്തൽമണ്ണ, നിലമ്പൂർ എന്നീ യൂണിറ്റുകൾ ഇതിന് ചുറ്റും സർവ്വീസുകൾ അയയ്ക്കുവാൻ പര്യാപ്തമായി പ്രവർത്തിക്കുന്നതിനാലും കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയതിനാലുമാണ് മഞ്ചേരി ഐ.ജി.ബി.റ്റി ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 03.09.2017-ൽ നിർത്തലാക്കിയത്. നിലവിലും ഇതേ സാഹചര്യം തുടരുന്നതിനാൽ പ്രസ്തുത സ്ഥലത്തെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനസ്ഥാപിക്കുന്നതിന് നിർവ്വാഹമില്ല. ഒരു ഓപ്പറേറ്റിംഗ് സെൻറർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ്, വർക്ക് ഷോപ്പ് ഉടങ്ങിയവയ്ക്കുള്ള കെട്ടിടങ്ങൾ, ബസ്സുകളുടെ പാർക്കിംഗ് സൗകര്യം) നിർദ്ദിഷ്ട സ്ഥലത്ത് സൗജന്യമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കി തന്നാൽ പോലും പുതുതായി ഓപ്പറേറ്റിംഗ് സെൻറർ /സബ്ബ് ഡിപ്പോ ആരംഭിക്കുമ്പോൾ പ്രതിവർഷം പ്രവർത്തന ചെലവ് ഇനത്തിൽ 50 ലക്ഷം രൂപയോളം കോർപ്പറേഷന് അധിക ബാദ്ധ്യത വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നിരുന്നാലും കൂടുതൽ യാത്രക്കാർ ഈ ഐ.ജി.ബി.റ്റി സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസ്സുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും ഭാവിയിൽ കെ.എസ്. ആർ.ടി.സി.യ്ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന |

| | | | |
|---|---|---|---|
| | | | രീതിയിലും മഞ്ചേരി ഐ.ജി.ബി.റ്റി കേന്ദ്രീകരിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള സ്ഥലവും സൗകര്യങ്ങളും കെ.എസ്.ആർ.ടി. സി.യ്ക്ക് ഉടമസ്ഥാവകാശം സഹിതം വിട്ടുനൽകിയാൽ ഭാവിയിൽ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് / ഓപ്പറേറ്റിംഗ് സെൻറർ ആരംഭിക്കുവാൻ കഴിയുന്ന കാര്യം വിശദമായ സാദ്ധ്യതാപഠനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ